# പതിന്നാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1292 02/05/2017 ന് മറുപടിക്ക്

## തെരുവുനായ്ക്കളുടെ ആക്രമണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോജി എം.ജോൺ | കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |

| | | |
|---|---|---|
| എ) | തെരുവനായ്ക്കളുടെ ആക്രമണത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്രപേർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നും എത്രപേർക്ക് പരിക്കേറ്റുവെന്നും വ്യക്തമാക്കുമോ; | ആകെ 1959 പേർക്ക് പരിക്കേൾക്കുകയും 8 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. |
| ബി) | തെരുവുനായ്ക്കളുടെ ആക്രമണത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഉണ്ട്. തെരുവു നായ്ക്കളുടെ ആക്രമണത്തിൽ മരണം സംഭവിച്ച ശ്രീമതി. ഡോളിയുടെ ഭർത്താവിന് (കോട്ടയം ജില്ല) ബഹു. സുപ്രീംകോടതിയുടെ ഡബ്ലിയു.പി.(സി) 599/15-ാം നമ്പർ കേസ്സിലെ 05/04/16 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 40,000/- രൂപ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. തെരുവുനായയുടെ ആക്രമണത്തിനിരയായവർക്കും മരണം സംഭവിച്ചവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകുന്നതിനായി ബഹു. സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുവാൻ ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവു പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ